<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** — **08-12-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധ തുറമുഖത്തിന്റെ പ്രോജക്ട് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധ തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഡി.പി.ആർ. പ്രകാരം എത്ര കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്;വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 343 കോടി രൂപയുടെ വിശദമായ പദ്ധതി രൂപ രേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. അത് പരിശോധിച്ച് പുതുക്കിയ പദ്ധതി രൂപരേഖ സമർപ്പിക്കുന്നതിന് 13/10/2022 ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | തുറമുഖത്തിന്റെ ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലായെങ്കിൽ എപ്പോൾ എന്ന് വിശദമാക്കുമോ? | (ബി) | ഇല്ല. ഭരണാനുമതിയും നിയമാനുസൃതമായ മറ്റു നടപടിക്രമങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ